I/87516/2023

# വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: പ്രിയങ്ക ജി. IAS)

ഉത്തരവ് നം. DWCD/186/2023-E3(1)

തിരുവനന്തപുരം,
തീയതി. 21-03-2023

---

വിഷയം: വനിത ശിശു വികസന വകുപ്പ് – ജീവനക്കാര്യം – ഐ. സി. ഡി. എസ്. സൂപ്പർവൈസർ, തസ്തികയിലെ ജീവനക്കാരുടെ (നേരിട്ടുള്ള നിയമനം) സേവനം റഗുലറൈസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. വിവിധ കാര്യാലയ മേധാവികൾ സമർപ്പിച്ച അപേക്ഷകൾ
2. KPSC സെക്രട്ടറിയുടെ 23/01/2023 ലെ AAVW11/8/2020-KPSC നം. കത്ത് പ്രകാരം ലഭ്യമായ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ.
3. ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികളുടെ വെരിഫിക്കേഷൻ റിപ്പോർട്ടുകൾ

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ വിവിധ കാര്യാലയങ്ങളിൽ സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ചുവടെ പരാമർശിക്കുന്ന ജീവനക്കാരുടെ സേവനം റഗുലറൈസ് ചെയ്യണമെന്ന് പരാമർശം (1) പ്രകാരം കാര്യാലയ മേധാവികൾ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ജീവനക്കാർ സർക്കാർ സർവ്വീസിന് അനുയോജ്യരാണെന്നും, സേവനം റഗുലറൈസ് ചെയ്യാവുന്നതാണെന്നുള്ള വിവിധ പോലീസ് മേധാവികളുടെ റിപ്പോർട്ടും, പി.എസ്.സി. വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും, പരാമർശം (2) (3) പ്രകാരം ലഭ്യമായിട്ടുണ്ട്. ജീവനക്കാരുടെ നിയമന രേഖകൾ പരിശോധിക്കുകയും, ആയത് ശരിയാണെന്ന് ബോധ്യപ്പെടുകയുമുണ്ടായി.

മേൽ സാഹചര്യത്തിൽ പരാമർശം (2) (3) പ്രകാരമുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച ചുവടെ പേര് പരാമർശിക്കുന്ന ജീവനക്കാരുടെ സേവനം അവരുടെ പേരിന് നേരെ നാലാം കോളത്തിൽ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ റഗുലറൈസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

| ക്രമ നം. | പേര്, തസ്തിക, കാര്യാലയം | ജോലിയിൽ പ്രവേശിച്ച തീയതി | സർവ്വീസ് റഗുലറൈസ് ചെയ്യുന്ന തീയതി |
|---|---|---|---|
| 1 | ശ്രീമതി ഗീതു ആനന്ദ്<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>പള്ളം | 29/06/2021 FN | 29/06/2021 FN |
| 2 | ശ്രീമതി അസ്ലി പി. പി.<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>ഇടുക്കി | 30/06/2021 FN | 30/06/2021 FN |

I/87516/2023

| | | | |
|---|---|---|---|
| 3 | ശ്രീമതി മഞ്ജുള കെ.<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>കാറഡുക്ക | 08/07/2021 AN | 08/07/2021 AN |
| 4 | ശ്രീമതി രേഷ്മ കെ. ആർ.<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>കാഞ്ഞങ്ങാട് | 11/07/2022 FN | 11/07/2022 FN |
| 5 | ശ്രീമതി ദിവ്യ ഉണ്ണി റ്റി.<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>പഴയന്നൂർ | 07/11/2022 FN | 07/11/2022 FN |

ജീവനക്കാർ സർവ്വീസ് റഗുലറൈസ് ചെയ്യപ്പെട്ട തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും. ജീവനക്കാരുടെ സർവ്വീസ് റഗുലറൈസ് ചെയ്തത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ടിയാളുകളുടെ സേവനപുസ്തകത്തിൽ ബന്ധപ്പെട്ട കാര്യാലയ മേധാവി വരുത്തേണ്ടതാണ്.

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
(കാര്യാലയ മേധാവി മുഖാന്തിരം)

പകർപ്പ് :

1. ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർക്ക്
2. സ്റ്റോക്ക് ഫയൽ/സ്പെയർ

**Signed by Priyanka G**
**Date: 21-03-2023 10:19:58**